**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4687** **19-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം ഇറിഗേഷൻ പ്രോജക്ട് പുനരുജ്ജീവിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി വാമനപുരം നദിയിൽ സ്ഥാപിച്ചിട്ടുള്ള മിനി ചെക്ക് ഡാമുകളുടെയും കിണറുകളുടെയും വിവരം നൽകാമോ; | (എ) | വാമനപുരം മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി വാമനപുരം നദിയിൽ അരുവിക്കര, പാലോട്, വാമനപുരം എന്നീ സ്ഥലങ്ങളിൽ കിണറുകളും, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പൂവൻപാറയിലും, പെരിങ്ങമല പഞ്ചായത്തിൽ പാലോടും ഓരോ തടയണകൾ വീതവും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത നദിയിൽ നിന്നുള്ള ജലം ഏതെല്ലാം കുടിവെള്ള പദ്ധതികൾ വഴി എത്ര കുടുംബങ്ങൾക്കാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ; | (ബി) | വാമനപുരം നദിയിൽ നിന്നും താഴെ പറയുന്ന പദ്ധതികൾ വഴി ഏകദേശം 53425 കുടുംബങ്ങൾക്ക് ജലം ലഭ്യമാക്കുന്നുണ്ട്.<br><br>1. CWSS to കല്ലറ, പാങ്ങോട്, പനവൂർ, പുല്ലംപാറ, വെമ്പായം<br>2. ARWSS ഇടക്കോട് & Adjoining Villages<br>3. കിളിമാനൂർ - പഴയകുന്നുമ്മേൽ മടവൂർ കുടിവെള്ള പദ്ധതി<br>4. നഗരൂർ ഗ്രാമീണ ശുദ്ധജല പദ്ധതി<br>5. പുളിമാത്ത് ശുദ്ധജല വിതരണ. പദ്ധതി<br>6. UWSS to ആറ്റിങ്ങൽ അഴൂർ കിഴുവിലം<br>7. CWSS to വക്കം - അഞ്ചുതെങ്ങ്<br>8. WSS to ടെക്നോസിറ്റി<br>9. RWSS to വാമനപുരം<br>10. RWSS to നെല്ലനാട്<br>11. 15 MILD KIIFB ഡ്രിങ്കിങ് വാട്ടർ സപ്ലൈ to Coastal Panchayath of Chirayinkil Constituency<br>12. RWSS to Karavaram<br>13. CWSS to Varkala & Adjoining Villages<br>14. CWSS to വിതുര,തൊളിക്കോട്<br>15. RWSS to പാലോട് |
| (സി) | വേനൽക്കാലത്ത് പ്രസ്തുത നദി വറ്റി വരളുന്നതുമൂലം ജല ലഭ്യതയ്ക്ക് മറ്റെന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ | (സി) | വേനൽകാലത്ത് വാമനാപുരം നദിയിലെ ജല ലഭ്യത കുറയുന്നതനുസരിച്ച് വർഷകാലത്ത് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | അധിക ജലം ശേഖരിച്ച് നിർത്തി ജല ലഭ്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി വാമനപുര നദിയിൽ ആനാകുടി , വാവ്വപുര, പുഴവ്വർ. പുഴക്കടവ്, അയിലം എന്നിവിടങ്ങളിൽ തടയണ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈനിനായി IDRB-യ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ ആനാകുടി, പുഴവ്വർ പുഴക്കടവ് എന്നീ ചെക്ക് ഡാമുകളുടെ നിർമ്മാണ ചുമതല KIIDC-ന് നൽകിയിട്ടുണ്ട്. |
| (ഡി) | കടുത്ത ജലക്ഷാമം മുൻനിർത്തി നിർത്തിവെച്ചിട്ടുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് പുനരുജ്ജീവിപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ; | (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായിഏറ്റെടുത്ത സ്ഥലത്തുനിന്നും 14.86 ഏക്കർ സ്ഥലം ജലസേചന വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ zero landless peopleപദ്ധതി പ്രകാരം ഭൂരഹിതരായ 415 പേർക്ക് കൊടുത്തിട്ടുള്ളതാണ്. ഇതുകൂടാതെ 1.5 ഏക്കർ സ്ഥലം കെ.ടി.ഡി.സി-യ്ക്കും കൈമാറിയിട്ടുണ്ട്. എന്നിരുന്നാലും വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് ഏരിയായിലെ land use pattern, crop pattern തുടങ്ങിയവയിൽ വ്യത്യാസം വന്നതിനാൽ പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയത് അനുസരിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (ഇ) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായിഏറ്റെടുത്ത സ്ഥലത്തുനിന്നും 14.86 ഏക്കർ സ്ഥലം ജലസേചന വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ zero landless peopleപദ്ധതി പ്രകാരം ഭൂരഹിതരായ 415 പേർക്ക് കൊടുത്തിട്ടുള്ളതാണ്. ഇതുകൂടാതെ 1.5 ഏക്കർ സ്ഥലം കെ.ടി.ഡി.സി-യ്ക്കും കൈമാറിയിട്ടുണ്ട്. എന്നിരുന്നാലും വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് ഏരിയായിലെ land use pattern, crop pattern തുടങ്ങിയവയിൽ വ്യത്യാസം വന്നതിനാൽ പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയത് അനുസരിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ